**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1839** **08-10-2021 - ൽ മറുപടിയ്ക്ക്**

**വഖഫ് ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വഖഫ് ബോർഡിന്റെ കീഴിലുള്ള ഭൂമി വിൽക്കുന്നതിനോ കൈമാറുന്നതിനോ തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ; | (എ) | ഉണ്ട്. 1995-ലെ വഖഫ് ഭേദഗതി നിയമത്തിൽ 2013-ൽ ഉണ്ടായ നിയമ ഭേദഗതിയിലെ 51(1-A), 104-A എന്നീ വകുപ്പുകൾ പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ, കൈമാറ്റം എന്നിവ സാധുതയില്ലാത്തതാണ്. |
| (ബി) | വഖഫ് ഭൂമി മറ്റേതെങ്കിലും പ്രവർത്തനങ്ങൾക്ക് വിട്ടുകൊടുക്കുന്നതിൽ തടസ്സങ്ങളോ നിയമപ്രശ്നങ്ങളോ ഉണ്ടോ; വിശദാംശം നൽകാമോ? | (ബി) | പൊതു ആവശ്യത്തിനായി ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം വഖഫ് വസ്തു ഏറ്റെടുക്കാവുന്നതാണെന്ന് വഖഫ് ആക്ട് സെക്ഷൻ 51(1-A) പ്രൊവൈസോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ വഖഫ് ആക്ടിലെ 56-ാം വകുപ്പ് അനുസരിച്ച് വഖഫ് വസ്തുക്കൾ പരമാവധി 30 വർഷം വരെ പൊതുലേലം മുഖേന ലീസിന് നൽകാവുന്നതാണ്. |

സെക്ഷൻ ഓഫീസർ